പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 261.

19/06/2014 -ൽ മറുപടിക്ക്

## കൈമാറ്റം ചെയ്യുന്ന ഭൂമിയിലെ കെട്ടിടങ്ങൾക്കും വൃക്ഷങ്ങൾക്കും സ്റ്റാമ്പ് ഡ്യൂട്ടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>,, സി. ദിവാകരൻ<br>ശ്രീമതി ഇ. എസ്. ബിജി മോൾ<br>ശ്രീ. കെ. രാജു. | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കൈമാറ്റ രജിസ്ട്രേഷൻ ചെയ്യുന്ന ഭൂമിയിലെ കെട്ടിടങ്ങൾക്കും വൃക്ഷങ്ങൾക്കും സ്റ്റാമ്പ് ഡ്യൂട്ടി ചുമത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള ഉത്തരവിന് എന്നു മുതൽ പ്രാബല്യമുണ്ടാകും എന്നറിയിക്കുമോ; | എ) കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങളും വൃക്ഷങ്ങളും ഉൾപ്പെടെയുള്ളവയുടെ ആകെ പ്രതിഫല സംഖ്യ ആധാരത്തിൽ രേഖപ്പെടുത്തി, പ്രസ്തുത തുകയുടെ അടിസ്ഥാനത്തിലാണ് ആധാരത്തിന്റെ സ്റ്റാമ്പ് ഡ്യൂട്ടി നിലവിൽ നിർണ്ണയിച്ചുവരുന്നത്. പുതുതായി സ്റ്റാമ്പ് ഡ്യൂട്ടി ചുമത്താൻ തീരുമാനിച്ചിട്ടില്ല. |
| ബി) കെട്ടിടങ്ങൾക്കും വൃക്ഷങ്ങൾക്കും സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | ബി) കെട്ടിടവും വൃക്ഷങ്ങളും, മറ്റ് കുഴുക്കൂർ ചമയങ്ങളും ഉൾപ്പെടെയുള്ള വസ്തുവിന്റെ വിലയായി വസ്തു വാങ്ങുന്നയാൾ വസ്തു വിൽക്കുന്ന ആൾക്ക് നൽകുന്ന വിലയുടെ അഥവാ പ്രതിഫല സംഖ്യയുടെ അടിസ്ഥാനത്തിലാണ് സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുന്നത്. |
| സി) സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില നിശ്ചയിച്ചതിലുണ്ടായ അപാകതകൾ പരിഹരിക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ? | സി) ഭൂമിയുടെ ന്യായവില നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുവാൻ ലഭിക്കുന്ന അപേക്ഷകളിൽ എല്ലാംതന്നെ നടപടികൾ |

സ്വീകരിച്ച്, അപാകതകൾ പരിഹരിച്ചു നൽകുന്നുണ്ട്. ഒരു വ്യക്തിയുടെ കൈവശഭൂമി കൈമാറ്റം ചെയ്യുന്ന അവസരത്തിലാണ് ന്യായവില സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിനായുള്ള അപ്പീൽ അപേക്ഷകൾ സമർപ്പിച്ചു വരുന്നത് എന്നതിനാൽ ന്യായവില നിശ്ചയിച്ചതിലെ അപാകതകൾ പരിഹരിക്കുന്നതിനായുള്ള അപ്പീലുകളുടെ പരിഗണന തുടർ പ്രക്രിയയാണ്. ഇത്തരം അപ്പീലുകൾ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ആയതിൻമേൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.